

## വാർത്തകളും കുറിപ്പുകളും

**ക**ഴിഞ്ഞവർഷം മുഴുവൻ സഭയായി നമ്മെ പരിപാലിച്ച വലിയവനായ ദൈവത്തിന് സ്തോത്രം. പലവിധമായ പ്രതിസന്ധികളിൽ കൂടെ കടന്ന് പോയപ്പോഴും നമ്മെ ഓരോരുത്തരേയും ദൈവം ചിറകിൻ മറവിൽ കാത്ത് സൂക്ഷിച്ചു.

**1. ആദ്യഫലപ്പെരുന്നാൾ**

നാം എല്ലാവരും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിനേക്കാളും അധികം അനുഗ്രഹീതമായി ഈ വർഷത്തെ ആദ്യഫലപ്പെരുന്നാളും അനുബന്ധകാര്യങ്ങളും നടത്തുവാനും കാലാവസ്ഥയെ ഏറ്റവും അനുകൂലമാക്കി മാറ്റുവാനും ഇടയാക്കിയ ദൈവകൃപയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഡിസംബർ 5 രാവിലെ മുതൽ ലേലംവിളി കഴിഞ്ഞ് എല്ലാവരും പിരിഞ്ഞ് പോകുന്നത് വരെ ഒരു തുള്ളി മഴപോലും പെയ്യിക്കാതെ പ്രകൃതിയുടെ മേൽ നിയന്ത്രണം നടത്തിയ ദൈവത്തിന് ആയിരമായിരം സ്തോത്രം. ഇതിന്റെ നടത്തിപ്പുകൾക്കായി അഹോരാത്രം അദ്ധ്വാനിച്ച എല്ലാ വ്യക്തികളെയും, നിരന്തരമായി പ്രാർത്ഥിച്ചു കൊണ്ടിരുന്ന എല്ലാവരേയും ദൈവം അത്യധികമായി അനുഗ്രഹിക്കട്ടെ.

വാർഷിക സ്തോത്ര ദാനമായി ലഭിച്ച 34,26,263 രൂപയും ആദ്യഫലപ്പെരുന്നാൾ ലേലം വഴി ലഭിച്ച 6,53,500 രൂപയും, വിമൻസ് ഫെലോഷിപ്പ് സ്റ്റാൾ വഴി ലഭിച്ച 1,79,820 രൂപയും, സ്തോത്ര കാഴ്ച വഴി ലഭിച്ച 40,460 രൂപയും ഭക്ഷണകൂപ്പൺ വില്പന വഴി ലഭിച്ച 94,380 രൂപയും നാളികേര വില്പനയിൽ നിന്ന് ലഭിച്ച 6000 രൂപയും ഉൾപ്പെടെ ആകെ 44,00,243 രൂപ, ഡിസംബർ അവസാനം വരെ ദാനാർപ്പണങ്ങളായി ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുകയും ദാതാക്കളെ എല്ലാം സമൃദ്ധി ആയി അനുഗ്രഹിക്കേണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭയുടെ ചരിത്രത്തിൽ ആദ്യമായി ഓൺലൈൻ- ഓഫ്ലൈൻ ലേലം വിളിയുടെ കാര്യങ്ങൾ വിദഗ്ധമായി ആസൂത്രണം ചെയ്യുകയും, എല്ലാ വെല്ലുവിളികളെയും അതിജീവിച്ച്, കുറ്റമറ്റ രീതിയിൽ

നടപ്പാക്കുകയും ചെയ്ത ടെക്നിക്കൽ ടീം അംഗങ്ങളോട് സഭയുടെ നന്ദി അറിയിക്കുകയും അവരുടെ മികച്ച പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഭക്ഷണകൂപ്പൺ വിതരണം, ലേലം വിളിക്കേണ്ട സാധനങ്ങളുടെ സ്വീകരണം, രജിസ്ട്രേഷൻ, ഡേറ്റാ എൻട്രി, ലേലംവിളി, ലേലവസ്തുക്കളുടെ കൈമാറ്റം, സ്റ്റേജ് ക്രമീകരണങ്ങൾ, ഭക്ഷണവിതരണം, നാല് ഞായറാഴ്ചകളിലെ വിമൻസ് ഫെലോഷിപ്പ് വക സ്റ്റാൾ, എന്നീ കാര്യങ്ങൾക്ക് വിശ്രമമില്ലാതെ അദ്ധ്വാനിച്ച എല്ലാ വോളന്റിയർമാരോടും, നേതൃത്വം വഹിച്ചവരോടും, ഹാർവെസ്റ്റ് ഫെസ്റ്റിവൽ കൺവീനർമാരായി ചുമതല വഹിച്ച ശ്രീ. ജേക്കബ് തോമസ്, ശ്രീ. മാത്യു ജോൺ എന്നിവരോടും സഭയുടെ അകമഴിഞ്ഞ നന്ദിയും അനുമോദനങ്ങളും അറിയിക്കട്ടെ.

**2. ആരാധനകൾ**

ഡിസംബർ മാസത്തിലെ ആരാധനകളിൽ കോവിഡ് പ്രതിസന്ധികളെ അതിജീവിച്ച് കൂടുതൽ സഭാജനങ്ങൾക്ക് സംബന്ധിക്കുവാൻ സാധിച്ചതിനായി സ്തോത്രം ചെയ്യുന്നു. ഡിസംബർ 24, 25, 26 ലെ ക്രിസ്തുമസ് ആരാധനകളിൽ പതിവിലധികം പങ്കാളിത്തം ഉണ്ടായിരുന്നു. എല്ലാ ഇംഗ്ലീഷ്, മലയാളം ദിവ്യ ആരാധനകളിലും, ഒന്നാം ഞായറാഴ്ചതോറും ഉള്ള തമിഴ് ആരാധനകളിലും വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ നടത്തി. ഡിസംബർ 12 ഞായറാഴ്ച മലയാളം ആരാധനയിൽ സന്ദേശം നൽകിയ ശ്രീമതി സമ്പത്ത് വർഗ്ഗീസിന് സഭയുടെ നന്ദി അറിയിക്കുന്നു.

**3. ക്രിസ്മസ് കരോൾ**

ഡിസംബർ 24ന് ക്രിസ്മസ് കരോൾ ഏറ്റവും ഭംഗിയായി നടത്തി. കഴിഞ്ഞ വർഷത്തെക്കാൾ വിപുലമായ രീതിയിൽ, ദീപാലങ്കാരങ്ങളോടെ മനോഹരമായ സംഗീത സായാഹ്നം ഒരുക്കുവാൻ സാധിച്ചത് പ്രതിസന്ധികളിൽ നിന്ന് ഘട്ടം ഘട്ടമായി ലഭിച്ചു കൊണ്ടിരിക്കുന്ന വിടുതലിന്റെ ആശ്വാസവും സന്തോഷവും പങ്കിടുന്നതിന് സഹായിച്ചു. ഗാനശുശ്രൂഷ നടത്തിയ ഗായകസംഘാംഗങ്ങൾ രണ്ട് മാസമായി നടത്തിയ പരിശീലനത്തിന്റെ മികവ് ഓരോ ഗാനാലാപനത്തിലും വ്യക്തമായിരുന്നു. കൃത്യവും ശക്തവുമായ പരിശീലനങ്ങൾക്ക് നേതൃത്വം നൽകിയ കൊയർമാസ്റ്റർ

ശ്രീ. ജോഗൻ ഇ. മാത്യു, അസിസ്റ്റന്റ് കൊയർ മാസ്റ്റർമാരായ ശ്രീ. സാം വി. ജയിംസ്, ശ്രീ റോയ് ഫിലിപ്പ് എന്നിവരോടും ഓരോ ഗായക സംഘാംഗത്തോടും, പ്രശംസനീയമായ രീതിയിൽ കരോൾ അവതാരക ആയി പ്രവർത്തിച്ച മിസ്സ് റോഷ്ന അക്കു കുര്യനോടും ഉള്ള സഭയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു. വ്യത്യസ്ഥമായ ക്രിസ്ത്മസ് ദുത് നല്കിയ പ്രശസ്ത മലയാള എഴുത്തുകാരിയും കവയത്രിയുമായ ശ്രീമതി റോസ് മേരിയുടെ സന്ദേശത്തിനും, ക്രിസ്മസ് ആഘോഷങ്ങളുടെ കൺവീനർമാരായി ചർച്ച് കമ്മിറ്റി നിയോഗിച്ച ശ്രീ ബെജു ജോസഫ്, ശ്രീ സുകു സി. ഉമ്മൻ എന്നിവരോടും ഉള്ള നന്ദി പറയുന്നു. ഡിസംബർ 24, കരോൾ സർവ്വീസിലും ഡിസംബർ 31, വാച്ച് നൈറ്റ് സർവ്വീസിലും കേക്ക് സ്പോൺസർ ചെയ്ത രണ്ട് കുടുംബങ്ങളോടും നന്ദി പറയുന്നു.

**4. മഹാ ഇടവക ഫിനാൻസ് ബോർഡിൽ പ്രാതിനിധ്യം**

നമ്മുടെ കൈക്കാരൻ ശ്രീ. കോര എബ്രാഹാമിനെ മദ്ധ്യകേരള മഹാ ഇടവകയുടെ ധനകാര്യ ബോർഡിലേക്ക് 16-12-2021 ൽ ചേർന്ന മഹായിടവക എക്സിക്യൂട്ടീവ് കമ്മിറ്റി, അത്മായ പ്രതിനിധി ആയി നോമിനേറ്റ് ചെയ്ത വിവരം ഏറ്റവും സന്തോഷത്തോടെ അറിയിക്കുന്നു.

ഏറ്റവും അനുഗ്രഹീതവും പ്രത്യാശാ നിർഭരവുമായ ഒരു പുതുവത്സരം ഏവർക്കും ലഭിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട്,

**തോമസ് ബിജു മാത്യു**
(ചർച്ച് സെക്രട്ടറി)

## TIDINGS

To facilitate the Editorial Board to bring out our monthly News Bulletin on the first Sunday of every month, it is again our repeated request that all the data, news and photosare forwarded latest by 20th of the preceding month. The Secretary's of all Church Organizations and Conveners of Area prayer Groups may pay special attention, failing which we may not be able to include the details.